പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4914        26.06.2019-ലെ മറുപടിക്ക്

# കെ.എസ്.ആർ.ടി.സി. എന്ന ബ്രാന്റ് നെയിം

ചോദ്യം

ശ്രീ.കെ.സി.ജോസഫ്

മറുപടി

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. എന്ന ബ്രാന്റ് നെയിം കർണ്ണാടക സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന് അനുവദിച്ചു കിട്ടിയത് ഏത് സാഹചര്യത്തിലാണ് എന്ന് വ്യക്തമാക്കാമോ; | (എ) | ട്രേഡ് നെയിം അനുവദിച്ച് കിട്ടുന്നതിനു വേണ്ടി കർണ്ണാടക ആർ.ടി.സി നൽകിയ അപേക്ഷയിന്മേൽ കർണ്ണാടക ആർ.ടി.സിക്ക്, കെ.എസ്.ആർ.ടി.സി എന്ന ബ്രാന്റ് നെയിം ലഭിച്ചതായി മനസ്സിലാക്കുന്നു. |
| (ബി) | ഈ തീരുമാനത്തിനെതിരെ കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ അപ്പീൽ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അപ്പീലിൽ ട്രാൻസ്പോർട്ട് അതോറിറ്റി എടുത്ത തീരുമാനം എന്താണ്; | (ബി) | ടി ഉത്തരവിനെതിരെ കെ.എസ്.ആർ.ടി.സി., രജിസ്ട്രാർ ഓഫ് ട്രേഡ് മാർക്ക്, അപ്പലേറ്റ് അതോറിറ്റി, ചെന്നൈ മുമ്പാകെ അപ്പീൽ ഫയൽ ചെയ്തിട്ടുള്ളതും ആയതിൽ വാദം നടന്നുവരികയുമാണ്. |
| (സി) | ട്രേഡ് നെയിം നിയമപ്രകാരം യഥാസമയം ബ്രാന്റ് നെയിം രജിസ്റ്റർ ചെയ്യുന്നതിന് കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ ഉദ്യോഗസ്ഥർക്ക് വീഴ്ച വന്നിട്ടുണ്ടോ; എങ്കിൽ അതിന് ഉത്തരവാദി ആരാണ്; വ്യക്തമാക്കുമോ? | (സി) | കോർപ്പറേഷൻ രൂപീകൃതമായ ശേഷം കെ.എസ്.ആർ.ടി.സി. ട്രേഡ് നെയിം അനുവദിച്ച് കിട്ടുന്നതിനു വേണ്ടി അപേക്ഷ കൊടുത്തിരുന്നില്ല. ഇത് കാലാകാലങ്ങളായുള്ള കെ.എസ്.ആർ.ടി.സി. മാനേജ്മെന്റുകളുടെ ദീർഘദൃഷ്ടി കുറവ് കൊണ്ട് സംഭവിച്ചതാണ്. |

**സെക്ഷൻ ഓഫീസർ**